എ.വൈ.ആർ

സൂറ-11

# ഹൂദ്

قَالُواْ يَٰلُوطُ إِنَّا رُسُلُ رَبِّكَ لَن يَصِلُوٓاْ إِلَيۡكَۖ فَأَسۡرِ بِأَهۡلِكَ بِقِطۡعٖ مِّنَ ٱلَّيۡلِ
وَلَا يَلۡتَفِتۡ مِنكُمۡ أَحَدٌ إِلَّا ٱمۡرَأَتَكَۖ إِنَّهُۥ مُصِيبُهَا مَآ أَصَابَهُمۡۚ إِنَّ مَوۡعِدَهُمُ
ٱلصُّبۡحُۚ أَلَيۡسَ ٱلصُّبۡحُ بِقَرِيبٖ ﴿٨١﴾

**81** ആഗതൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു; അല്ലയോ ലൂത്ത്, ഞങ്ങൾ താങ്കളുടെ നാഥന്റെ ദൂതന്മാരാകുന്നു. ഈ ദുഷ്ടന്മാർക്ക് താങ്കളെ പ്രാപിക്കാനാവില്ല തന്നെ. ഈ രാവ് കുറച്ചു ശേഷിച്ചിരിക്കെ താങ്കൾ കുടുംബത്തെയും കൂട്ടി പുറപ്പെട്ടുകൊള്ളണം. നിങ്ങളിലാരും തിരിഞ്ഞുനോക്കിക്കൂടാ. താങ്കളുടെ ഭാര്യയൊഴിച്ച്. എന്തുകൊണ്ടെന്നാൽ ജനത്തെ ബാധിക്കുന്ന വിപത്ത് അവളെയും ബാധിക്കേണ്ടതുണ്ട്. അവരുടെ നാശത്തിന് നിർണയിക്കപ്പെട്ട സമയമിതാ വരുന്ന പ്രഭാതമാകുന്നു. പ്രഭാതം അടുത്തെത്തിയില്ലയോ?!

فَلَمَّا جَآءَ أَمۡرُنَا جَعَلۡنَا عَٰلِيَهَا سَافِلَهَا وَأَمۡطَرۡنَا عَلَيۡهَا
حِجَارَةٗ مِّن سِجِّيلٖ مَّنضُودٖ ﴿٨٢﴾

**82** നമ്മുടെ വിധി വന്നപ്പോൾ ആ നഗരത്തെ കീഴ്മേൽ മറിച്ചു കളഞ്ഞു. അതിനു മീതെ നാം ചുട്ടു പഴുത്ത കല്ലുകൾ തോരാതെ പെയ്തു.

مُّسَوَّمَةً عِندَ رَبِّكَۖ وَمَا هِيَ مِنَ ٱلظَّٰلِمِينَ بِبَعِيدٖ ﴿٨٣﴾

**83** നിന്റെ നാഥങ്കൽ ലൂത്ത് ജനതയെ നശിപ്പിക്കാൻ നിശ്ചയിക്കപ്പെട്ടതായിരുന്നു ആ കല്ലുകൾ. അത്തരം ശിക്ഷാ നടപടി ഏതു ധർമധിക്കാരികളിൽ നിന്നും വിദൂരമല്ല.

قَالُواْ= അവർ പറഞ്ഞു (ആഗതർ അദ്ദേഹത്തെ ആശ്വസിപ്പിച്ചു) يَٰلُوطُ= അല്ലയോ ലൂത്ത്
إِنَّا= തീർച്ചയായും ഞങ്ങൾ رُسُلُ رَبِّكَ= നിന്റെ നാഥന്റെ ദൂതന്മാരാകുന്നു
لَن يَصِلُوٓاْ إِلَيۡكَ= അവർ ഒരിക്കലും നിന്നിലേക്ക് ചേരുകയില്ല (നിന്നെ പ്രാപിക്കുകയില്ല)

فَأَسْرِ = അതിനാൽ നീ രാത്രി സഞ്ചരിക്കുക (പുറപ്പെട്ടുകൊള്ളണം)

بِأَهْلِكَ= നിന്റെ കുടുംബ(ത്തെ കൊണ്ട്)ത്തെയും കൂട്ടി

بِقِطْعٍ مِّنَ ٱلَّيْلِ= രാവിന്റെ കഷ്ണവും കൊണ്ട് (ഈ രാവ് കുറച്ച് ശേഷിച്ചിരിക്കെ)

وَلَا يَلْتَفِتْ= തിരിഞ്ഞു നോക്കിക്കൂടാ مِنكُمْ= നിങ്ങളിൽനിന്ന് أَحَدٌ= ഒരുവനും (ആരും)

إِلَّا ٱمْرَأَتَكَ= നിന്റെ ഭാര്യയൊഴിച്ച് إِنَّهُۥ= എന്തുകൊണ്ടെന്നാൽ

مُصِيبُهَا= (ബാധിക്കേണ്ടതുണ്ട്) അവളെ ബാധിക്കുന്നതാകുന്നു

مَآ أَصَابَهُمْ= (ന്ന വിപത്ത്) അവരെ (ആ ജനത്തെ) ബാധിക്കുന്നത്

إِنَّ مَوْعِدَهُمُ= (ഇതാ) നിശ്ചയം അവരുടെ (നാശത്തിന്) നിർണയിക്കപ്പെട്ട സമയം

ٱلصُّبْحُ= (വരുന്ന) പ്രഭാതമത്രെ أَلَيْسَ ٱلصُّبْحُ= പ്രഭാതം അ(ഇ)ല്ലയോ

بِقَرِيبٍ= അടുത്തത്(ത്ത് എത്തിയത്) فَلَمَّا جَآءَ= വന്നപ്പോൾ أَمْرُنَا= നമ്മുടെ കൽപന, വിധി

جَعَلْنَا= (മറിച്ചുകളഞ്ഞു) നാം ആക്കി عَـٰلِيَهَا سَافِلَهَا= (കീഴ്മേൽ) അതിന്റെ മേൽഭാഗത്തെ കീഴ്ഭാഗം

وَأَمْطَرْنَا= നാം പെയ്തു عَلَيْهَا= അതിന്മേൽ

حِجَارَةً مِّن سِجِّيلٍ= നരകച്ചെരുവിൽ നിന്നുള്ള കല്ലുകൾ, ചുട്ടുപഴുത്ത കല്ലുകൾ

مَّنضُودٍ= (തോരാതെ) ഒന്നിനോടൊന്ന് ചേർന്ന് തുടർച്ചയായി ക്രമീകരിച്ച

مُّسَوَّمَةً= (തു ആയിരുന്നു ആ കല്ലുകൾ) അടയാളപ്പെടുത്തിയ, നിശ്ചയിച്ച, ചുമതലപ്പെടുത്തിയ

عِندَ رَبِّكَ= നിന്റെ നാഥങ്കൽ

وَمَا هِيَ= അത് (അത്തരം ശിക്ഷാനടപടി)അല്ല

مِنَ ٱلظَّـٰلِمِينَ= ഈ ധർമധിക്കാരികളിൽ നിന്ന് بِبَعِيدٍ= വിദൂരമായത്

**81:** വാസ്തവത്തിൽ ലൂത്ത്(അ) പരാജയപ്പെട്ടവനോ ആലംബഹീനനോ ആയിരുന്നില്ല. ഏറ്റം പ്രബലമായ അവലംബം – സർവശക്തനായ അല്ലാഹു അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. തന്റെ അതിഥികൾ മലക്കുകളാണെന്ന് വെളിപ്പെടുന്നതുവരെ അതദ്ദേഹത്തിനു മനസ്സിലായില്ല. ലൂത്ത് നബിയുടെ പരീക്ഷണം പരമകാഷ്ഠയിലെത്തിയപ്പോൾ മലക്കുകൾ തങ്ങളുടെ യാഥാർഥ്യം വെളിപ്പെടുത്തുന്നതാണ് ഈ സൂക്തം അവതരിപ്പിക്കുന്നത്. മൂലത്തിലെ لَن يَصِلُوٓا۟ إِلَيْكَ യുടെ ഭാഷാർഥം ഒരിക്കലും നിന്നിലേക്ക് എത്തുകയില്ല, ചതിക്കുകയില്ല എന്നാണ്. ജനം നിന്റെ അടുത്തെത്തി ദ്രോഹിക്കുകയില്ല എന്നാണ് താൽപര്യം. ആളുകൾ യഥാർഥത്തിൽ ആക്രമിക്കാനൊരുമ്പെട്ടത് ലൂത്ത്(അ)ന്റെ അടുത്തെത്തിയ അതിഥികളെയായിരുന്നു. പക്ഷെ മലക്കുകൾ പറയുന്നത് അവർ ഞങ്ങളെ പ്രാപിക്കുകയില്ല എന്നല്ല, ലൂത്ത് നബിയെ പ്രാപിക്കുകയില്ല എന്നാണ്. ആഗതർ മലക്കുകളാണെന്നറിഞ്ഞതോടെ ആളുകൾക്ക് അവരെ ഉപദ്രവിക്കാനാവില്ല എന്ന് ലൂത്ത് നബിയോട് പ്രത്യേകം പറയേണ്ടതില്ല. മലക്കുകൾ അവരുടെ കൈകൾക്കെന്നപോലെ കണ്ണിനും അതീതരായി നിലകൊള്ളും. സൂറ *അൽഖമർ* 37–ാം സൂക്തത്തിൽ അതെപ്പറ്റി وَلَقَدْ رَٰوَدُوهُ عَن ضَيْفِهِۦ فَطَمَسْنَآ أَعْيُنَهُمْ അവർ ലൂത്തിനെ തന്റെ അതിഥികളെ രക്ഷിക്കുന്നതിൽനിന്ന് തടയാൻ ശ്രമിച്ചു. അപ്പോൾ നാം അവരുടെ കണ്ണുകളെ മായ്ച്ചുകളഞ്ഞു എന്നു പറയുന്നുണ്ട്. മലക്കുകൾ ജനങ്ങളെ ഒന്നടങ്കം അന്ധരാക്കി എന്നാണ് ബൈബിൾ ഉൽപത്തി 19:11 ൽ പറയുന്നത്. അതിഥികളെ കാണാതാകുമ്പോൾ ലൂത്ത്(അ) അവരെ ഒളിപ്പിച്ചിരിക്കുകയാണെന്നായിരിക്കും നാട്ടുകാർ കരുതുക. അപ്പോൾ അവരെ വെളിക്കുകൊണ്ടുവരണമെന്നാവശ്യപ്പെട്ടുകൊണ്ട് തെമ്മാടികൾ അദ്ദേഹത്തെ ആക്രമിക്കാൻ ശ്രമിച്ചിരിക്കാം. ഇതെക്കുറിച്ചാണ് അവർക്ക് നിന്നെ പ്രാപിക്കാൻ കഴിയില്ല لَن يَصِلُوٓا۟ إِلَيْكَ എന്നു പറയുന്നത്.

നിശാസഞ്ചാരം എന്നർഥമുള്ള سُرْي ൽ നിന്നുള്ള ശാസന ക്രിയയാണ് أَسْرِ. ഒരിക്കൽ ഒരൊറ്റ

രാത്രികൊണ്ട് നബി(സ) മക്കയിൽനിന്ന് ബൈതുൽ മഖ്ദിസിൽ പോയി തിരിച്ചുവന്ന ചരിത്രം പ്രസിദ്ധമാണല്ലോ. അതിന് إسراء രാത്രി സഞ്ചരിപ്പിക്കൽ എന്നാണ് പറയുക. രാത്രി കാലത്ത് പെട്ടെന്ന് കടന്നാക്രമിക്കുന്ന സൈനിക സംഘങ്ങളെ سريّة എന്ന് പറയും. രാത്രിയിൽ നിന്നുള്ള ഖണ്ഡം എന്നാണ് من الّيل قطعന്റെ അർഥം. വിഭാഗം എന്നും അവശിഷ്ടം എന്നും പ്രയോഗമുണ്ട്. രാത്രി അവസാനിക്കാൻ കുറെ സമയം ബാക്കിനിൽക്കെ എന്ന അർഥത്തിലുള്ള പ്രയോഗമാണ് بِقِطۡعٖ مِّنَ ٱلَّيۡلِ. രാവ് അവശേഷിച്ചിരിക്കെ പുറപ്പെട്ടുകൊള്ളണം എന്നു നിർദേശിച്ചത്, പുലരുമ്പോഴേക്കും അവർ നാശോന്മുഖമായ പട്ടണത്തിനു പുറത്തുകടക്കുന്നതിനുവേണ്ടിയാണ്. നാശത്തിന്റെ തലേന്നു രാത്രിയായിരിക്കാം മലക്കുകൾ ലൂത്ത് നബിയെ സന്ദർശിച്ചത്. പ്രഭാതം അടുത്തെത്തിയില്ലയോ എന്ന ചോദ്യം അത് സൂചിപ്പിക്കുന്നു.

അവരുടെ വിനാശത്തിനു നിശ്ചയിച്ച സമയം പ്രഭാതമാകുന്നു എന്ന വാക്യത്തിന് ഈ ജനത ഉന്മൂലനം ചെയ്യപ്പെടുന്നതോടെ ഈ പ്രദേശത്ത് പുതിയ പ്രഭാതം ഉദയം കൊള്ളുന്നു എന്ന ധ്വനി കൂടിയുണ്ട്. പുതിയ പ്രഭാതം ഇതാ അടുത്തെത്തിക്കഴിഞ്ഞു എന്ന സുവിശേഷമാണ് തുടർന്നു പറയുന്നത്.

ആരും തിരിഞ്ഞു നോക്കിക്കൂടാ എന്ന നിർദേശം രക്ഷപ്പെടാനുള്ള ഒരു നിബന്ധനയാകാം. തിരിഞ്ഞു നോക്കിയാൽ ഭയവിഹ്വലമായ കാഴ്ചകൾ കാണേണ്ടിവരും എന്ന നിലക്കുള്ള ഒരുപദേശവുമാകാം. രക്ഷപ്പെടാനുള്ള നിബന്ധനയായിരുന്നു അതെന്നും നൂഹ് നബിയുടെ ഭാര്യ ആ നിബന്ധന ലംഘിച്ചുവെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. വിട്ടുപോന്ന പട്ടണത്തിലേക്ക് തിരിഞ്ഞുനോക്കിയ ലൂത്ത്(അ)ന്റെ ഭാര്യ ഉപ്പുകുറ്റിയായി മാറി എന്നാണ് ബൈബിൾ പറയുന്നത്. ഈ സൂക്തം തന്നെ അവൾ ശിക്ഷക്കപ്പെടുന്നവളാണെന്ന് തുടർന്ന് പറയുന്നുണ്ട്. إِلَّا ٱمۡرَأَتَكَ നിന്റെ ഭാര്യ ഒഴിച്ച് എന്നതിനെ ചില വ്യാഖ്യാതാക്കൾ ബന്ധിപ്പിച്ചിരിക്കുന്നത് فَأَسۡرِ രാത്രി പുറപ്പെട്ടുകൊള്ളണം എന്ന കൽപനയോടാണ്. ചിലരതിനെ وَلَا يَلۡتَفِتۡ തിരിഞ്ഞുനോക്കരുത് എന്ന നിരോധനത്തോടും ബന്ധിപ്പിച്ചിരിക്കുന്നു. ആദ്യത്തെ ഘടനയനുസരിച്ച് നിന്റെ ഭാര്യ പുറപ്പെടുകയില്ല, അഥവാ പുറപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അവൾ ശിക്ഷിക്കപ്പെടുന്നവരിലുൾപ്പെട്ടിരിക്കുന്നു എന്നാണർഥം. രണ്ടാമത്തെ ഘടനയനുസരിച്ച് നിന്റെ ഭാര്യ തിരിഞ്ഞുനോക്കും.അവൾ ശിക്ഷ അനുഭവിക്കേണ്ടവരുടെ കൂട്ടത്തിലാണ് എന്നും.

ഖുർആൻ ഇത്തരം സന്ദർഭങ്ങളിൽ സാധാരണ പറയാറുള്ളത് പ്രവാചകനെയും കുടുംബത്തെയും കൂടെയുള്ള വിശ്വാസികളെയും രക്ഷിച്ചു എന്നാണ്. പക്ഷെ ഇവിടെ കുടുംബത്തെ മാത്രമെ പരാമർശിക്കുന്നുള്ളൂ. സൂറ *അൽഖമർ* 34-ാം സൂക്തത്തിൽ ആലു ലൂത്വിനെ രക്ഷിച്ചു എന്നാണ് പറയുന്നത്. ال ൽ കുടുംബത്തിൽപെട്ടവരല്ലാത്ത സ്വന്തക്കാരും പെടുമെങ്കിലും ആ പദത്തിന്റെയും പ്രഥമവും പ്രധാനവുമായ വിവക്ഷ കുടുംബം തന്നെയാണ്. ലൂത്ത് നബിക്ക് തന്റെ കുടുംബത്തിനു പുറത്ത് പറയത്തക്ക വിശ്വാസികൾ ഉണ്ടായിരുന്നില്ല എന്നാണിതു സൂചിപ്പിക്കുന്നത്. രണ്ടു പെൺമക്കളും ഭാര്യയും മാത്രമേ അദ്ദേഹത്തോടൊപ്പം സഞ്ചരിക്കാനുണ്ടായിരുന്നുള്ളൂ എന്നാണ് ബൈബിൾ പറയുന്നത്.

**82,83:** സദോമികൾ നേരിട്ട ആപത്തിന്റെ ഭയാനകത വർണിക്കുകയാണീ സൂക്തങ്ങൾ. ഒപ്പം അവരെപ്പോലെ ധർമധിക്കാരമനുവർത്തിക്കുന്ന ഇതര ജനങ്ങളും ഈ രീതിയിൽ ശിക്ഷിക്കപ്പെടുക വിദൂരമല്ലെന്ന് ഉണർത്തുകയും ചെയ്യുന്നു. അതിശക്തമായ ഭൂകമ്പം. സദോം പട്ടണത്തെയാകെ അതു തകർത്തു കീഴ്മേൽ മറിച്ചുകളഞ്ഞു. جَعَلۡنَا عَـٰلِيَهَا سَافِلَهَا നാമതിന്റെ മേൽഭാഗം കീഴ്ഭാഗമാക്കി എന്നാണ് മൂലവാക്യം. അതോടൊപ്പം കനത്ത ശിലാവർഷവും. حِجَارَةٗ مِّن سِجِّيلٖ مَّنضُودٖ എന്ന് ആ ശിലകളെ വർണിച്ചിരിക്കുന്നു. حِجَارَةٗ مِّن سِجِّيلٖ എന്നാൽ കല്ലിന്റെയും കളിമണ്ണിന്റെയും മിശ്രിതമാണെന്നും കളിമൺ കട്ടകൾ ചുടുകല്ല് പാകത്തിലാക്കിയതാണെന്നും ഇളംചുവപ്പായ പാറക്കഷ്ണങ്ങളാണെന്നുമൊക്കെ വ്യാഖ്യാതാക്കൾ പലതരത്തിൽ പറഞ്ഞിട്ടുണ്ട്. നരകത്തിന്റെ ഒരു ഭാഗമാണ് سِجِّيلٖ എന്നും അതിൽ കിടന്ന് ചുട്ടുപഴുത്ത കല്ലുകളാണ് حِجَارَةٗ مِّن سِجِّيلٖ എന്നും ചിലർ പറയുന്നു. ഇവിടെ سجّينന്റെ (നരകം) അർഥത്തിലാണ് سجّيل ഉപയോഗിക്കുന്നതെന്ന് കരുതുന്നവരും ഉണ്ട്. പേർഷ്യൻ ഭാഷയിൽനിന്ന് അറബിയിലേക്ക് കടന്നുവന്ന പദമാണ് സിജ്ജീൽ. ഇതിൽനിന്നുള്ള سجّل സന്ദേശം രേഖപ്പെടുത്തുന്ന ശിലയാണ്. പിൽക്കാലത്ത് ലിഖിതം, ഗ്രന്ഥങ്ങൾ തുടങ്ങിയ അർഥങ്ങളിലും سجّل ഉപയോഗിച്ചു തുടങ്ങി. مَّنضُودٖ നെയാണ് തോരാതെ എന്ന് തർജമ ചെയ്തിരിക്കുന്നത്, കൂട്ടംകൂട്ടമായ, അട്ടിയട്ടിയായ, തുടർച്ചയായ, ക്രമീകരിക്കപ്പെട്ട എന്നൊക്കെയാണ് ഈ പദത്തിന്റെ ഭാഷാർഥം. തുടർച്ചയായ متتابعة എന്ന അർഥം പരിഗണിച്ചാണ് തോരാതെ എന്ന തർജമ സ്വീകരിച്ചത്. കൂട്ടംകൂട്ടമായ, അട്ടിയട്ടിയായ എന്ന അർഥം പരിഗണിക്കുമ്പോൾ ആ കല്ലുകൾ കൂട്ടത്തോടെ വന്നു വീണുകൊണ്ടിരുന്നു എന്നും ക്രമീകരിക്കപ്പെട്ട എന്ന അർഥം പരിഗണിക്കുമ്പോൾ അവ എപ്പോൾ എവിടെ ചെന്നു പതിക്ക

ണമെന്ന് നിശ്ചയിച്ച് അതനുസരിച്ച് ക്രമപ്പെടുത്തി വിക്ഷേപിക്കപ്പെടുകയായിരുന്നുവെന്നും അർഥമാകും.

ആധുനിക ഖുർആൻ വ്യാഖ്യാതാക്കൾ ഇതിനെ വിശദീകരിച്ചത് ഇങ്ങനെയാണ്: ആദ്യം കനത്ത ഭൂകമ്പമുണ്ടായി, അതോടൊപ്പം കടുത്ത ഉരുൾ പൊട്ടലുമുണ്ടായി. കല്ലും മണ്ണും തെറിച്ച് തെറിച്ചു വീണു കുത്തിയൊലിച്ചു. അല്ലെങ്കിൽ പരിസരത്ത് അഗ്നിപർവത സ്ഫോടനമുണ്ടായി. ലാവയും ചുട്ടുപഴുത്ത ഖനിജങ്ങളും വർഷിച്ചു. ഭൂകമ്പത്തെ തുടർന്നു ഭൂനിരപ്പ് താണുപോവുകയും ആ പ്രദേശം കടലെടുക്കുകയും ചെയ്തു. ഇന്ന് സദോം പട്ടണം ചാവുകടലിന്റെ ഭാഗമാണ്. ചാവുകടലിന്റെ ആഴം കുറഞ്ഞ ഒരു ഭാഗത്ത് നശിച്ചുപോയ പട്ടണത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണപ്പെടുന്നുവെന്ന് ചരിത്ര ഗവേഷകർ പറയുന്നു. ബൈബിൾ ഉൽപത്തി 19: 24,25 വചനങ്ങളിൽ അതെക്കുറിച്ചു പറയുന്നു: "അപ്പോൾ കർത്താവ് ആകാശത്തിൽനിന്ന് ഗന്ധകവും തീയും സൊദോമിന്റെയും ഗൊമോറയുടെയും മേൽ വർഷിച്ചു. ആ നഗരങ്ങളെയും താഴ്വര മുഴുവനെയും എല്ലാ നഗരവാസികളെയും ആ നിലത്തു വളർന്നിരുന്നവ ഒക്കെയും നശിപ്പിച്ചു."

അടയാളപ്പെടുത്തിയത് ആണ് مُّسَوَّمَةً. സദോമിൽ പതിച്ച ഓരോ ശിലയിലും അത് ആരുടെ മേൽ പതിക്കണമെന്നും ഏതു കെട്ടിടം തകർക്കണമെന്നും അല്ലാഹു അടയാളപ്പെടുത്തിയിരുന്നു എന്നാണ് അധികപണ്ഡിതന്മാരും ഇതിനെ വ്യാഖ്യാനിച്ചിട്ടുള്ളത്. سوّمയിൽനിന്നുള്ള കർമപദമാണ് مسوّم. അടയാളം വെച്ചു എന്നതുകൂടാതെ അധികാരപ്പെടുത്തി, കൈകാര്യം ചെയ്യാൻ വിട്ടുകൊടുത്തു എന്നും سوّم ക്ക് അർഥമുണ്ട്. എന്റെ ധനം കൈകാര്യം ചെയ്യാൻ അയാളെ അധികാരപ്പെടുത്തി, വിട്ടുകൊടുത്തു എന്ന അർഥത്തിൽ سوّمة فى مالى എന്നു പറയും. ഇതനുസരിച്ച്, ആ ജനത്തെ യാതൊരു തടസ്സവും വിലക്കുമില്ലാതെ നശിപ്പിക്കാൻ നിശ്ചയിക്കപ്പെട്ടവയായിരുന്നു ആ കല്ലുകൾ എന്നാണ് مسومة ന്റെ വിവക്ഷയെന്ന് ഉസ്താദ് റശീദ് രിദാ വ്യാഖ്യാനിച്ചിരിക്കുന്നു.

وَمَا هِيَ مِنَ ٱلظَّٰلِمِينَ بِبَعِيدٍ എന്ന വാക്യം ലൂത്ത് ജനതയുടെ നാശകഥയുടെ വെളിച്ചത്തിൽ ഖുറൈശികൾക്കും പിൽക്കാലത്തുണ്ടാകുന്ന എല്ലാ ധർമധിക്കാരികൾക്കും നൽകുന്ന ഒരു താക്കീതാണ്. അതായത് സദോമിന്റെ നാശം ഒരു പഴങ്കഥയാണ്, അത്തരം ദുരന്തങ്ങൾ തങ്ങളിൽനിന്ന് എത്രയോ വിദൂരമാണ് എന്നൊന്നും ആരും വ്യാമോഹിക്കേണ്ട. ഒരു പരിധിവിട്ടാൽ എക്കാലത്തെയും എല്ലാ ധർമധ്വംസകരെയും ഇത്തരം ദുരന്തങ്ങൾ കാത്തിരിക്കുന്നുണ്ട്.

ലൂത്ത് നബിയും കുടുംബവും സോവർ (صوغر) എന്ന ചെറുപട്ടണത്തിലാണ് ചെന്ന് പാർത്തതെന്ന് ബൈബിൾ പറയുന്നു. ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ ഇത് അംഗീകരിക്കുന്നുണ്ട്. പക്ഷെ പിന്നീടദ്ദേഹവും പുത്രിമാരും വിജനമായ ഒരു മലയിലേക്കു പോയി അവിടെ ഒരു ഗുഹയിൽ പാർപ്പുറപ്പിച്ചു എന്നും ബൈബിൾ പറയുന്നുണ്ട്. അവിടെ മറ്റു ജനങ്ങളില്ലാത്തതിനാൽ പുത്രിമാർ ഭർത്താക്കളോ മക്കളോ ഇല്ലാതെ ദുഃഖിച്ചു. അവർ സ്വന്തം പിതാവിനെ വീഞ്ഞുകൊടുത്ത് ബോധം കെടുത്തി അദ്ദേഹവുമായി ശയിക്കുകയും ഗർഭം ധരിച്ച് ഓരോ പുത്രന്മാരെ പ്രസവിക്കുകയും ചെയ്തു. മൂത്തപുത്രി പ്രസവിച്ച ശിശുവിന് മോവാബ് എന്നു പേരിട്ടു. ഇയാളിൽനിന്ന് മേവോബ് വംശമുണ്ടായി. ഇളയവളുടെ കുട്ടിക്ക് ബെൻകുമ്മീ എന്നാണ് പേരിട്ടത്. അയാളാണ് അമ്മോനി വംശത്തിന്റെ കുലപതി.

ഈ കഥകളൊന്നും ഇസ്ലാമിക പണ്ഡിതന്മാർ അംഗീകരിക്കുന്നില്ല. ഒന്നാമതായി ഖുർആനും ഇസ്ലാമും അവതരിപ്പിക്കുന്ന പ്രവാചക സങ്കൽപത്തിന് വിരുദ്ധമാണവ. മാനവ മാർഗദർശനാർഥം അല്ലാഹു തെരഞ്ഞെടുത്തു നിയോഗിച്ച പരിശുദ്ധ പ്രവാചകന്മാരിലൊരാളാണ് ലൂത്ത്(അ). ധാർമികവും സദാചാരവുമായ വിശുദ്ധിക്ക് നിരക്കാത്ത യാതൊന്നും പ്രവാചകന്മാരിൽനിന്നുണ്ടാവുകയില്ല. ലൂത്തിനോടൊപ്പം രക്ഷപ്പെട്ട പുത്രിമാർ തീർച്ചയായും അദ്ദേഹത്തിൽ വിശ്വസിച്ചവരായിരിക്കണം. ഒരു പ്രവാചകന്റെ യഥാർഥ വിശ്വാസികൾ അദ്ദേഹത്തെ വഞ്ചിക്കുകയില്ല. കപടവിശ്വാസികളാകട്ടെ പ്രവാചകനോടൊപ്പം രക്ഷപ്പെടാനും ഇടയില്ല. പരിശുദ്ധ പ്രവാചകന്റെ പുത്രിമാരായ വിശ്വാസിനികൾ അവരുടെ പിതാവു കൂടിയായ പ്രവാചകനെ നികൃഷ്ടമായി വഞ്ചിക്കുക എന്നത് അചിന്ത്യമാണ്. ലൂത്തിന്റെ(അ) പുത്രിമാർക്ക് വിവാഹിതരാകാനും സന്താനങ്ങളെ പ്രസവിക്കാനും യാതൊരു മാർഗവും ഇല്ലായിരുന്നുവെങ്കിൽ പോലും അവർ ഇത്തരം നടപടിക്കു മുതിരുകയില്ല.

അല്ലാഹുവിൽനിന്ന് ദിവ്യജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവാചകൻ സ്വന്തം പുത്രിമാരുടെ പ്രകൃതിപരമായ ആവശ്യത്തെക്കുറിച്ച് അറിയാതിരിക്കുകയോ അറിഞ്ഞിട്ടും അവഗണിക്കുകയോ

ചെയ്യുകയെന്നതും അവിശ്വസനീയമാണ്. ആദ്യം ചെന്നെത്തിയ സോവർ പട്ടണത്തിൽനിന്ന് അദ്ദേഹത്തിന് മരുമക്കളെ കണ്ടെത്താമായിരുന്നു. അതിന് ശ്രമിക്കാതെ യുവതികളായ പുത്രിമാരെയും കൂട്ടി വിജനമായ പർവത ഗുഹയിൽ താമസിക്കുക എന്നത് ഒരു പ്രവാചകനിൽനിന്നു പ്രതീക്ഷിക്കാവുന്നതല്ല. വിജന സ്ഥലങ്ങളിൽ പോയി ഒളിച്ചിരിക്കാനല്ല, ജനങ്ങൾക്കിടയിലിറങ്ങി പ്രബോധനം ചെയ്യാനാണ് പ്രവാചകന്മാർ നിയോഗിക്കപ്പെടുന്നത്.

ലൂത്ത് നബിയോടൊപ്പം അദ്ദേഹത്തിന്റെ ഭാര്യയൊഴിച്ചുള്ള കുടുംബം اهل രക്ഷപ്പെട്ടുവെന്നാണ് ഖുർആൻ പറയുന്നത്. اهلൽ നേർ പുത്രിമാർ മാത്രമല്ല പുത്രന്മാരും സഹോദരീ സഹോദര സന്തതികളും പൗത്രന്മാരും പൗത്രികളും എല്ലാം ഉൾപ്പെടും. സൂറ *അൽഖമറിൽ* പറഞ്ഞത് آل محمّد എന്നാണ്. ഈ പ്രയോഗം മുഖ്യമായി ഉദ്ദേശിക്കുന്നത് കുടുംബക്കാരെയാണെങ്കിലും കുടുംബത്തിനു പുറത്തുള്ള ഇഷ്ടജനങ്ങളും അനുയായികളും കൂടി അതിലുൾപ്പെടും. മുഹമ്മദ് നബിയിൽ വിശ്വസിക്കുകയും മുഹമ്മദീയ ശരീഅത്ത് പിൻപറ്റുകയും ചെയ്യുന്നവരെല്ലാം آل محمد ആണല്ലോ. ലൂത്ത് നബിയോടൊപ്പം രക്ഷപ്പെട്ട അഹ്ലിലും ആലിലും, പുരുഷന്മാരും ഉണ്ടായിരിക്കാനാണ് സാധ്യത. അദ്ദേഹത്തിന്റെ പുത്രിമാർക്ക് ദാമ്പത്യ സുഖത്തിനുവേണ്ടി സ്വന്തം പിതാവിനെ പ്രാപിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. സ്വന്തം പ്രവാചകന്മാരെ നിന്ദിക്കാൻ യഹൂദർ ബൈബിളിൽ കുത്തിതിരുകിയ വ്യാജകഥകൾക്കൊരു ഉദാഹരണമാണ് ലൂത്ത് നബിക്ക് സ്വപുത്രിമാരിൽ മക്കളുണ്ടായി എന്നത്. ■